**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയിരുന്ന ശ്രീ.ഷൗക്കത്തലിക്ക് 20.01.2014 മുതൽ പ്രാബല്യത്തിൽ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.3191/2018/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 19.12.2018.**

---

പരാമർശം:

1) സ.ഉ.(സാധാ) നം.73/2014/തസ്വഭവ തീയതി, 07.01.2014.
2) സ.ഉ.(സാധാ) നം.2578/2017/തസ്വഭവ തീയതി, 25.07.2017.
3) 18.09.2017-ൽ ശ്രീ.ഷൗക്കത്തലി സമർപ്പിച്ച അപേക്ഷ.
4) 31.10.2017-ലെ ഗ്രാമവികസന കമ്മീഷണറുടെ 1944/എസ്റ്റാ.എ1/17/സിആർഡി നമ്പർ കത്ത്.
5) 02.07.2018-ലെ തസ്വഭവ-ഇആർഎ3/31/17/തസ്വഭവ നമ്പർ വിജ്ഞാപനം.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയിരുന്ന ശ്രീ.ഷൗക്കത്തലി, ടിയാൾക്കെതിരെ നിലനിന്നിരുന്ന അച്ചടക്ക നടപടി ടിയാളെ കുറ്റവിമുക്തനാക്കി തീർപ്പാക്കിയിട്ടുള്ളതിനാൽ, ടിയാളുടെ ജൂനിയറായ ശ്രീ.ശശിധരൻ നായർക്ക് സ്ഥാനക്കയറ്റം നൽകിയ തീയതി മുതൽ പ്രാബല്യത്തിൽ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകണമെന്ന് പരാമർശം (3) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. ശ്രീ.ഷൗക്കത്തലിക്കെതിരെ അച്ചടക്ക നടപടി നിലനിന്നിരുന്നതിനാൽ, 16.05.2013-ലെ ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി (ഹയർ), അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്കുള്ള സെലക്ട് ലിസ്റ്റിൽ ടിയാളെ ഉൾപ്പെടുത്തിയിരുന്നില്ല. ടിയാളുടെ ജൂനിയറായ ശ്രീ.ശശിധരൻ നായർക്ക് പരാമർശം (1) ഉത്തരവ് പ്രകാരം അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയി സ്ഥാനക്കയറ്റം നൽകുകയും ടിയാൾ 20.01.2014 മുതൽ അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ ആയി ചുമതലയേൽക്കുകയും ചെയ്തിരുന്നു. പരാമർശം (2) ഉത്തരവ് പ്രകാരം ശ്രീ.ഷൗക്കത്തലിയെ കുറ്റവിമുക്തനാക്കിക്കൊണ്ട് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളതിനാൽ ടിയാളുടെ ജൂനിയറായ ശ്രീ.ശശിധരൻ നായർക്ക് സ്ഥാനക്കയറ്റം നൽകിയ തീയതി മുതൽ ശ്രീ.ഷൗക്കത്തലിക്കും സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

3. ശ്രീ.ഷൗക്കത്തലിക്കെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി, ടിയാളെ കുറ്റവിമുക്തനാക്കിക്കൊണ്ട് തീർപ്പാക്കിയ സാഹചര്യത്തിൽ, 18.06.2018-ൽ ചേർന്ന അഡ്ഹോക്ക് ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ കമ്മിറ്റി, ശ്രീ.ഷൗക്കത്തലിയെ 2013-ലെ സെലക്ട് ലിസ്റ്റിൽ ക്രമ നം.2 ആയി ഉൾപ്പെടുത്തിക്കൊണ്ട് സെലക്ട് ലിസ്റ്റ് ഭേദഗതി വരുത്തുവാൻ തീരുമാനിക്കുകയും, അതിൻ പ്രകാരം, 2013-ലെ സെലക്ട് ലിസ്റ്റിൽ ഭേദഗതി വരുത്തിക്കൊണ്ട് പരാമർശം (5) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്കുള്ള 2013-ലെ ഭേദഗതി വരുത്തിയ സെലക്ട് ലിസ്റ്റിൽ ശ്രീ.ഷൗക്കത്തലിയുടെ ജൂനിയറായ ശ്രീ.ശശിധരൻ നായർക്ക് അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ച് ജോലിയിൽ പ്രവേശിച്ച 20.01.2014 മുതൽ പ്രാബല്യത്തിൽ ശ്രീ.ഷൗക്കത്തലിക്കും, ശമ്പളക്കുടിശ്ശികയ്ക്ക് അർഹതയില്ല എന്ന വ്യവസ്ഥയിൽ, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**പ്രീത കെ.എസ്.**
**ഡെപ്യൂട്ടി സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.ഷൗക്കത്തലി, അഡീഷണൽ ഡെവലപ്മെന്റ് കമ്മീഷണർ (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്. (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ